# III. ശ്രദ്ധക്ഷണിക്കൽ

## (1) ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറി സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറി സ്വകാര്യവൽക്കരിക്കുന്ന തീരുമാനം ഉപേക്ഷിച്ച് പൊതുമേഖലയിൽ തന്നെ നിലനിറുത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കാനുള്ളത്. കോട്ടയം ജില്ലയിലെ ഏക പൊതുമേഖലാ സ്ഥാപനമാണ് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറി. ഇത് വൈക്കം നിയോജകമണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. കേന്ദ്ര സർക്കാർ നൂറ്റിയൻപത്തി യഞ്ചുകോടി രൂപ മുതൽ മുടക്കി 1975-ൽ നിർമ്മാണം ആരംഭിച്ച് 1982 ഫെബ്രുവരി 26-ന് ഉല്പാദനം ആരംഭിച്ച കമ്പനിയാണ്. അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ആദരണീയനായ സഖാവ് ടി. വി. തോമസ് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന സഖാവ് സി. അച്ചുതമേനോൻ, വൈക്കത്തെ ആദ്യകാല എം.എൽ.എ. ആയിരുന്ന സഖാവ് പി. എസ്. ശ്രീനിവാസൻ എന്നിവരുടെ നിരന്തര പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഈ കമ്പനി കേരളത്തിൽ ആരംഭിച്ചത്. കമ്പനി തുടങ്ങുമ്പോൾ തന്നെ 237 കർഷക കുടുംബങ്ങൾ ഒഴിപ്പിക്കപ്പെട്ടു. 687 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. ഈ സ്ഥാപനത്തിൽ ഇപ്പോൾ 1140 സ്ഥിരം ജീവനക്കാരും 1000 കാഷ്വൽ കോൺട്രാക്ട് തൊഴിലാളികളും 12,000 അനുബന്ധ തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്. പ്രതിവർഷം എൺപതിനായിരം ടൺ ഉല്പാദനക്ഷമതയോടുകൂടിയാണ് ഈ ഫാക്ടറി ഇവിടെ സ്ഥാപിച്ചത്. എന്നാൽ 100 ശതമാനം ഉല്പാദനക്ഷമത കൈവരിച്ചുകൊണ്ട് ഉൽപ്പാദനം ആരംഭിച്ചതുമുതൽ തന്നെ തുടർച്ചയായി ലാഭമുണ്ടാക്കിക്കൊണ്ട് പൊതു മേഖലയിൽ അഭിമാനകരമായ സ്ഥാനത്ത് എത്തിയ മിനി രത്ന എന്ന സ്ഥാപനമാണ് ഈ ഫാക്ടറി. സർ, 1995 മുതൽ ഒരു ലക്ഷം ടൺ ആയി ഉൽപ്പാദനം വർദ്ധിപ്പിച്ചു. ഈ സാമ്പത്തിക വർഷത്തെ ഉൽപ്പാദനം അമ്പത്തയ്യായിരത്തി ആറ് ടൺ ആണ്. ലാഭ വിഹിതത്തിൽ നിന്ന് അഞ്ഞൂറ് കോടി രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നൽകി കഴിഞ്ഞു. നിരവധി വികസന പ്രവർത്തനങ്ങൾക്ക് ഈ സ്ഥാപനം സാമ്പത്തികമായ സഹായം നൽകുന്നുണ്ട്. പ്രതിവർഷം എൺപതിനായിരം ടൺ ഉൽപ്പാദനക്ഷമത യോടുകൂടി ഇത് സ്ഥാപിച്ചു. എന്നാൽ 100 ശതമാനം ഉൽപ്പാദനക്ഷമത കൈവരിച്ചു കൊണ്ട് ഇന്ന് പൊതുമേഖലയിൽത്തന്നെ നിലനിർത്തിയിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ തീരുമാനത്തിനെതിരെ ഫാക്ടറിയിലെ മുഴുവൻ തൊഴിലാളി കളും സംഘടനകളും ചേർന്ന് എച്ച്.എൻ.എൽ. സംരക്ഷണ സമിതി രൂപീകരിച്ച് ഇന്ന് പ്രക്ഷോഭ സമരരംഗത്താണ്. 2003 ഒക്ടോബർ മാസം 16-ന് ഫാക്ടറി സമ്പൂർണ്ണ പണിമുടക്ക് നടത്തി. നവംബർ 11-ന് പിറവം റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ പിക്കറ്റിംഗ് ഉദ്ഘാടനം ചെയ്തത് നമ്മുടെ യു.ഡി.എഫ്. കൺവീനർ ശ്രീ. ഉമ്മൻചാണ്ടി എം.എൽ.എ. ആണ്. നവംബർ മാസത്തിൽ കോട്ടയത്തു നടന്ന സമര പ്രഖ്യാപന

കൺവെൻഷൻ മുൻ മുഖ്യമന്ത്രിയായിരുന്ന പി. കെ. വാസുദേവൻ നായരാണ് ഉദ്ഘാടനം ചെയ്തത്. ഡിസംബർ 20-ന് കോട്ടയത്ത് ഹർത്താലും പൊതുപണിമുടക്കും നടത്തി. ഇപ്പോൾ ഫാക്ടറി പടിക്കൽ തൊഴിലാളികളുടെ ഉപവാസ സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ എച്ച്.എൻ.എൽ. സ്വകാര്യവൽക്കരണം ഉപേക്ഷിക്കാനും ഈ കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തുവാനും ആവശ്യമായ ചർച്ച നടത്തി ഇത് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണമെന്ന് ഞാൻ ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇത് പൊതുമേഖലയിൽ നിലനിറുത്തിയാൽ കൊള്ളാമെന്ന് കേന്ദ്രത്തെ പല പ്രാവശ്യം നമ്മൾ എഴുതി അറിയിച്ചിട്ടുണ്ട്. സാമാന്യം നന്നായിപ്പോകുന്ന ഒരു ഫാക്ടറിയാണ്. സ്വകാര്യവൽക്കരണം ആവശ്യമില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്രത്തിൽ പറഞ്ഞു. പക്ഷെ ഈ പോളിസിയിൽ കേന്ദ്ര ഗവൺമെന്റ് ഒരു സ്റ്റേറ്റിലും മാറ്റം വരുത്തിയിട്ടില്ല. പ്രക്ഷോഭണ പരിപാടികളും അതുപോലെതന്നെ നിവേദനങ്ങൾ ഒന്നും, ആ പോളിസിക്ക് ബാധകമല്ലായെന്നുള്ള നിലപാടാണ് കേന്ദ്ര ഗവൺമെന്റ് എടുത്തത്. ഒരു സ്റ്റേറ്റിലും സ്വകാര്യവൽക്കരണത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ വിഷയം അവിടെ സംസാരിച്ചു, സ്വകാര്യവൽക്കരണം പിൻവലിക്കാൻ ബുദ്ധിമുട്ടാണ് എന്ന നിലപാടാണ് അവർ ഇതുവരെ എടുത്തിരിക്കുന്നത്. തുടർന്നും നമുക്ക് ശ്രമിച്ചുനോക്കാം.

ശ്രീ. പി. നാരായണൻ: സർ, കേന്ദ്ര ഗവൺമെന്റ് ഈ പൊതുമേഖലാ സ്ഥാപനം ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ കേരള ഗവൺമെന്റ് അവിടത്തെ തൊഴിലാളികളുടേയും കേരളത്തിലെ ജനങ്ങളുടേയും ആഗ്രഹം മുൻനിർത്തി ലാഭകരമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഏറ്റെടുക്കാൻ തയ്യാറാകുമോ, അതിന് അങ്ങ് മുൻകൈ എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നൂറ്, നൂറ്റിപതിമൂന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ എങ്ങനെ കൊണ്ടുനടത്താമെന്നുള്ളതുതന്നെ വലിയ തലവേദനയായിരിക്കുകയാണ്. ഇനി ഏറ്റെടുക്കുന്ന കാര്യം ആലോചിക്കുന്ന പ്രശ്നമേയില്ല. അതിനുള്ള സാമ്പത്തിക ശേഷിയുമില്ല.

(2) രൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവും മൂലം പാലക്കാട് ജില്ലയിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പാലക്കാട് ജില്ല വരൾച്ചയിൽ നിന്ന് കൊടും വരൾച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കർഷകർ കൃഷിയുണക്കുമൂലം കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നു. ഇതിന് പരിഹാരം തേടി അവർ തെരുവിലേക്ക് ഇറങ്ങിക്കഴിഞ്ഞു. വീട്ടമ്മമാരും കുട്ടികളും കുടിവെള്ളം കിട്ടുന്നതിനുവേണ്ടി വേഴാമ്പലിനെപ്പോലെ പറക്കുകയാണ്. ഈ സ്ഥിതിയുണ്ടായിത്തുടങ്ങിയ സന്ദർഭത്തിൽ ബഹുമാനപ്പെട്ട യു.ഡി.എഫ്.

LIBRARY ARCHIVES Kerala Legislative Assembly